**പതിനാലാം കേരള നിയമസഭ**

പതിനെട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2426 — 12.02.2020-ലെ മറുപടിയ്ക്ക്

## വിദ്യാർത്ഥികളിൽ കായികാഭിരുചി വർദ്ധിപ്പിക്കുന്നതിനുള്ള നൂതന പദ്ധതികൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.ഐ.ബി. സതീഷ്**<br>**,, ആർ. രാജേഷ്**<br>**,, കെ.ജെ. മാക്സി**<br>**,, എ. പ്രദീപ്കുമാർ** | | **ശ്രീ.ഇ.പി.ജയരാജൻ**<br>വ്യവസായവും കായികവും യുവജനകാര്യവും വകുപ്പ് മന്ത്രി | |
| (എ) | വിദ്യാർത്ഥികളുടെ ഇടയിൽ കായികാഭിരുചി വർദ്ധിപ്പിക്കുന്നതിന് ഈ സർക്കാർ ആവിഷ്കരിച്ച നൂതന പദ്ധതികൾ ഏതൊക്കെയാണെന്ന് വിശദമാക്കാമോ; | (എ) & (ഡി) | വിദ്യാർത്ഥികളുടെ ഇടയിൽ കായികാഭിരുചി വർദ്ധിപ്പിക്കുന്നതിന് കിക്കോഫ്, സ്പ്ലാഷ്, ഹൂപ്സ്, സ്പ്രിന്റ്, പ്ലേ ഫോർ ഹെൽത്ത്, സ്വയം പ്രതിരോധ പരിശീലന പദ്ധതി എന്നീ പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളത്. പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.<br>**<u>ഗ്രാസ് റൂട്ട് ലെവൽ ഫുട്ബോൾ പരിശീലന പദ്ധതി (കിക്കോഫ്)</u>**<br>ഫുട്ബോൾ ലോകറാങ്കിങ്ങിൽ ഇന്ത്യയുടെ നിലവാരം ഉയർത്താൻ സഹായകമാകുന്ന രീതിയിൽ കേരളത്തിലെ നഗര ഗ്രാമീണ മേഖലയിൽ ഫുട്ബോൾ കളിയിൽ തൽപരരായ കുട്ടികളെ ചെറിയ പ്രായത്തിൽ തന്നെ കണ്ടെത്തി വിദഗ്ധ പരിശീലനം ലഭ്യമാക്കി മികച്ച ഫുട്ബോൾ കളിക്കാരായി വളർത്തിയെടുക്കുക എന്ന ലക്ഷ്യത്തോടെ ആവിഷ്കരിച്ച പദ്ധതിയാണ് കിക്കോഫ് എന്ന ഗ്രാസ്സ് റൂട്ട് ലെവൽ ഫുട്ബോൾ പരിശീലന പദ്ധതി. പ്രൈമറി സ്കൂൾ വിദ്യാർത്ഥികളിൽ നിന്നും ഓപ്പൺ സെലക്ഷൻ നടത്തിയാണ് പ്രസ്തുത പദ്ധതിയിലേക്ക് വിദ്യാർത്ഥികളെ തെരഞ്ഞെടുക്കുന്നത്. നിലവിൽ സംസ്ഥാനത്ത് 19 സെന്ററുകളിൽ നടപ്പിലാക്കി വരുന്ന പദ്ധതി |

പെൺകുട്ടികൾക്കു വേണ്ടിയുള്ള സെന്ററുകളിലേക്ക് കൂടി നടപ്പ് സാമ്പത്തിക വർഷം വ്യാപിക്കുന്നതിനുള്ള നടപടികൾ പൂർത്തിയായി വരുന്നു.

**<u>സ്പ്ലാഷ്</u>**

ജലാശയ അപകടങ്ങളുടെ തോത് കുറയ്ക്കുന്നതിനായി സ്കൂൾ വിദ്യാർത്ഥികൾക്ക് നീന്തൽ പരിശീലനം നൽകുന്നതിനായി ആവിഷ്കരിച്ചിട്ടുള്ള പദ്ധതിയാണ് സ്പ്ലാഷ് പദ്ധതി. പ്രാരംഭ ഘട്ടമെന്ന നിലയിൽ കാസർഗോഡ്, വയനാട്, പാലക്കാട്, തൃശ്ശൂർ, ഇടുക്കി ജില്ലകളിലാണ് പദ്ധതി നടപ്പിലാക്കുന്നത്. 8 വയസ്സു മുതൽ പതിനെട്ട് വയസ്സ് വരെ പ്രായമുള്ള സ്കൂൾ വിദ്യാർത്ഥികൾക്കാണ് പരിശീലനം നൽകുന്നത്.

**<u>ഹൂപ്സ്</u>**

സ്കൂൾ വിദ്യാർത്ഥികൾക്ക് ലോകനിലവാരത്തിലുള്ള ബാസ്കറ്റ് ബോൾ പരിശീലനം നൽകുന്നതിനായി ആവിഷ്കരിച്ചിട്ടുള്ള പദ്ധതിയാണ് ഹൂപ്സ്. നടപ്പ് സാമ്പത്തിക വർഷം കണ്ണൂർ, കോഴിക്കോട്, തൃശ്ശൂർ, കൊല്ലം, തിരുവനന്തപുരം എന്നീ ജില്ലകളിലെ 10 സെന്ററുകളിലാണ് പദ്ധതി നടപ്പിലാക്കുന്നത്. നാല് മുതൽ എട്ട് വരെ ക്ലാസുകളിലെ വിദ്യാർത്ഥികളിൽ നിന്നും ഓപ്പൺ സെലക്ഷൻ നടത്തി തെരഞ്ഞെടുക്കപ്പെടുന്നവർക്കാണ് പരിശീലനം നൽകുന്നത്. പദ്ധതിയുടെ സംസ്ഥാനതല ഉദ്ഘാടനം 2020 ജനുവരി 21 ന് തിരുവനന്തപുരം തൈക്കാട് മോഡൽ ഹൈസ്കൂളിൽ വച്ച് നടത്തി.

**<u>സ്പ്രിന്റ്- ഗ്രാസ്റൂട്ട് അത്ലറ്റിക് ട്രെയിനിംഗ് പ്രോഗ്രാം</u>**

ലോക നിലവാരത്തിലെത്താൻ സാധ്യതയുള്ള അത്ലറ്റുകളെ ചെറുപ്രായത്തിൽ തന്നെ കണ്ടെത്തി അന്താരാഷ്ട്ര നിലവാരത്തിലുള്ള പരിശീലനം നൽകുന്നതിനായി ആവിഷ്കിച്ചിട്ടുള്ള

| | | | |
|---|---|---|---|
| | | | പദ്ധതിയാണ് സ്പ്രിന്റ്. കാസർഗോഡ്, കണ്ണൂർ, ഇടുക്കി, ആലപ്പുഴ, കൊല്ലം, പത്തനംതിട്ട എന്നീ ജില്ലകളിൽ ഓരോ സെന്ററുകളാണ് ആദ്യ ഘട്ടമായി പദ്ധതിയിലുൾപ്പെടുത്തിയിട്ടുള്ളത്. സ്കൂൾ വിദ്യാർത്ഥികളിൽ നിന്നും ഓപ്പൺ സെലക്ഷൻ നടത്തി തെരഞ്ഞെടുക്കപ്പെടുന്നവർക്കാണ് പരിശീലനം നൽകുന്നത്.<br>**പ്ലേ ഫോർ ഹെൽത്ത്**<br>കായിക വിനോദങ്ങളിലൂടെ കുട്ടികളുടെ ശാരീരികവും മാനസികവുമായ കഴിവുകൾ വർദ്ധിപ്പിക്കുന്നതിനും അവരെ കായിക രംഗത്തേയ്ക്ക് കൂടുതൽ ആകർഷിക്കുന്നതിനും സ്കൂളുകളെ സ്പോർട്ടിംഗ് ഹബ്ബുകളാക്കുന്നതിനും വേണ്ടിയുള്ള പദ്ധതിയാണ് പ്ലേ ഫോർ ഹെൽത്ത്. സിഡ്കോയുടെ സാങ്കേതിക സഹകരണത്തോടെ സംസ്ഥാനത്തെ 24 സ്കൂളുകളിലെ മുഴുവൻ വിദ്യാർത്ഥികളെയും ഉൾപ്പെടുത്തിയാണ് ടി പദ്ധതി നടപ്പിലാക്കുന്നത്.<br>**പെൺകുട്ടികൾക്ക് സ്വയം പ്രതിരോധ പരിശീലന പദ്ധതി.**<br>ഹയർ സെക്കന്ററി സ്കൂളുകളിലെ പെൺകുട്ടികൾക്ക് തയ്ക്കോണ്ടോ, ജൂഡോ, കരാട്ടെ, കളരിപ്പയറ്റ് എന്നീ ഇനങ്ങളിൽ സ്വയം പ്രതിരോധ പരിശീലനം നൽകുന്നതിന് പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. സംസ്ഥാനത്തൊട്ടാകെ 21,000/- കുട്ടികൾക്കാണ് ഒരു അക്കാദമിക് വർഷം പ്രസ്തുത പദ്ധതി പ്രകാരം പരിശീലനം നൽകാൻ ഉദ്ദേശിക്കുന്നത്.<br>**ഓപ്പറേഷൻ ഒളിമ്പ്യ പദ്ധതി**<br>2020,2024-ലെ ഒളിമ്പിക്സിൽ കേരള കായിക താരങ്ങൾ രാജ്യത്തിനായി മെഡൽ കരസ്ഥമാക്കുന്നത് ലക്ഷ്യമാക്കി അത്ലറ്റിക്സ്, ബോക്സിംഗ്, സൈക്ലിംഗ്, സ്വിമ്മിംഗ്, ഷൂട്ടിംഗ്, റസ്ലിംഗ്, ബാഡ്മിന്റൺ, കനോയിംഗ് & കയാക്കിംഗ്, ഫെൻസിംഗ്, റോവിംഗ്, ആർച്ചറി എന്നീ 11 കായിക ഇനങ്ങളിലെ തിരഞ്ഞെടുക്കപ്പെട്ട കായിക താരങ്ങൾക്ക് |

| | | | |
|---|---|---|---|
| | • | | അന്തർദേശീയ നിലവാരത്തിലുള്ള പരിശീലനം നൽകുന്നതിനായി ആവിഷ്കരിച്ചിട്ടുള്ള പദ്ധതിയാണ് "ഓപ്പറേഷൻ ഒളിമ്പ്യ". ടി കായികയിനങ്ങളിൽ അന്തർദേശീയ നിലവാരത്തിൽ മെഡൽ കരസ്ഥമാക്കിയ കായിക ഇനങ്ങളായ റോവിംഗ്, ഫെൻസിംഗ്, അത്ലറ്റിക്സ് എന്നീ കായികയിനങ്ങൾ ഓപ്പറേഷൻ ഒളിമ്പ്യ പദ്ധതിയിലും, ബാക്കിയുള്ള കായികയിനങ്ങളായ റസ്ലിംഗ്, സൈക്ലിംഗ്, സ്വിമ്മിംഗ്, കനോയിംഗ് & കയാക്കിംഗ് എന്നിവ ഓപ്പറേഷൻ ഒളിമ്പ്യ പദ്ധതിയുടെ ഫീഡിംഗ് സെന്ററായി (CSH മോഡൽ) തുടരുവാനും തീരുമാനിച്ചിട്ടുണ്ട്. |
| (ബി) | ഇതിന്റെ ഭാഗമായി നടപ്പിലാക്കിയ 'പ്ലേ ഫോർ ഹെൽത്ത്' പദ്ധതി കൂടുതൽ വിദ്യാലയങ്ങളിലേയ്ക്ക് വ്യാപിപ്പിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; | (ബി) | സിഡ്കോയുടെ സാങ്കേതിക സഹകരണത്തോടെ സംസ്ഥാനത്തെ 24 സ്കൂളുകളിലാണ് നിലവിൽ പ്ലേ ഫോർ ഹെൽത്ത് പദ്ധതി നടപ്പിലാക്കുന്നത്. പദ്ധതി കൂടുതൽ വിദ്യാലയങ്ങളിലേയ്ക്ക് വ്യാപിക്കുന്ന കാര്യം പരിശോധിക്കാവുന്നതാണ്. |
| (സി) | കുട്ടികൾക്ക് നീന്തലിൽ മികച്ച പരിശീലനം നൽകുന്നതിന് ആവിഷ്കരിച്ചിട്ടുള്ള 'സ്പ്ലാഷ്' പദ്ധതി ഏതെല്ലാം ജില്ലകളിലാണ് ആരംഭിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ; | (സി) | സ്പ്ലാഷ് പദ്ധതി പ്രാരംഭ ഘട്ടത്തിൽ കാസർഗോഡ്, വയനാട്, പാലക്കാട്,തൃശ്ശൂർ, ഇടുക്കി എന്നീ ജില്ലകളിലാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്. |
| (ഡി) | കുട്ടികൾക്ക് ഫുട്ബോൾ പരിശീലനം നൽകുന്നതിനായി 'കിക്കോഫ്' എന്ന പേരിൽ ആരംഭിച്ചിട്ടുള്ള പദ്ധതിയുടെ വിശദാംശം നൽകുമോ? | (ഡി) | 'എ ' പിരിവിന്റെ മറുപടി വിവരത്തിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട് |

**സെക്ഷൻ ഓഫീസർ**